## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (സാന്നിദ്ധ്യം : V.N. ജിതേന്ദ്രൻ)

ഉത്തരവ് നം. ഇ5 - 40790/14
=============================

തിരുവനന്തപുരം,
തീയതി: 19.12.2014.
===================

വിഷയം:- സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം - ഒബ്സർവേഷൻ ഹോം, തവനൂർ - കുട്ടികൾ രക്ഷപ്പെട്ടത് - കെയർടേക്കർമാരെ സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- മലപ്പുറം പ്രൊബേഷൻ ഓഫീസർ-ഗ്രേഡ് I ന്റെ 18.12.14 ലെ റിപ്പോർട്ട്.

17.12.14 ന് തവനൂർ ഒബ്സർവേഷൻ ഹോമിൽ നിന്നും മൂന്ന് കുട്ടികൾ
രക്ഷപ്പെട്ടതുമായി ബന്ധപ്പെട്ട് മലപ്പുറം പ്രൊബേഷൻ ഓഫീസർ സമർപ്പിച്ചിട്ടുള്ള മേൽ
പരാമർശിത റിപ്പോർട്ടിൽ, കഴിഞ്ഞ നാല് മാസത്തിനിടയിൽ രണ്ടാമത്തെ പ്രാവശ്യമാണ് ടി
സ്ഥാപനത്തിൽ നിന്നും കുട്ടികൾ രക്ഷപ്പെടുന്നതെന്നും 17.12.14 ന് കുട്ടികൾ രക്ഷപ്പെട്ടത്
ജനൽക്കമ്പികൾ മുറിച്ചാണെന്നും ദിവസങ്ങളായുള്ള ആസൂത്രിത ശ്രമത്തിന്റെ ഫലമായാണ്
കുട്ടികൾ രക്ഷപ്പെട്ടിട്ടുള്ളതെന്നും ആയത് കണ്ടെത്താൻ സാധിക്കാത്തത് കെയർടേക്കർമാരുടെ
ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്നും അറിയിച്ചിരിക്കുന്നു.

14.8.14 ന് സ്ഥാപനത്തിൽ നിന്നും കുട്ടികൾ രക്ഷപ്പെട്ട സംഭവം നടന്നിട്ടും
നിലവിലുള്ള കുട്ടികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകാതിരുന്നതും സ്ഥാപനത്തിൽ
നിന്നും രക്ഷപ്പെടുന്നതിനായി ദിവസങ്ങളായി കുട്ടികൾ നടത്തി കൊണ്ടിരുന്ന ശ്രമം
കണ്ടെത്താതിരുന്നതും ടി സ്ഥാപനത്തിലെ കെയർ ടേക്കർമാരുടെ ഭാഗത്തു നിന്നുള്ള
ഗുരുതരമായ വീഴ്ചയും കൃത്യവിലോപവുമാണ്.

മേൽ സാഹചര്യത്തിൽ തവനൂർ ഒബ്സർവേഷൻ ഹോമിലെ കെയർടേക്കർമാരായ
ശ്രീ. മുഹമ്മദ് അഷ്റഫ്, ശ്രീ. റഫീഖ്. P എന്നിവരെ 1960 ലെ കേരള സിവിൽ സർവ്വീസസ്
(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 10 (1) (എ) പ്രകാരം അന്വേഷണ
വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. മുഹമ്മദ് അഷ്റഫ്, ശ്രീ. റഫീഖ്. P എന്നിവർക്ക് KSR പാർട്ട് I ചട്ടം 55
പ്രകാരം ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

VN [signature]

സാമൂഹ്യ നീതി ഡയറക്ടർ

1. ശ്രീ. മുഹമ്മദ് അഷ്റഫ്,
   കെയർ ടേക്കർ,
   ഒബ്സർവേഷൻ ഹോം, തവനൂർ.
2. ശ്രീ. റഫീഖ്. P,
   കെയർ ടേക്കർ,
   ഒബ്സർവേഷൻ ഹോം, തവനൂർ.

<u>പകർപ്പ്:</u>

1) ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
   മലപ്പുറം.
2) സൂപ്രണ്ട്,
   ഗവ. ഒബ്സർവേഷൻ ഹോം,
   തവനൂർ
3) ജില്ലാ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I, മഞ്ചേരി, മലപ്പുറം.
4) സ്റ്റോക്ക് ഫയൽ.